<u>15 -ാം കേരള നിയമസഭ</u>

<u>11 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1973</u> <u>20-06-2024 - ൽ മറുപടിയ്ക്ക്</u>

<u>കാർഷിക വിനോദങ്ങൾക്കുള്ള നിരോധനം നീക്കാൻ നിയമനിർമ്മാണം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കാർഷികോത്സവങ്ങൾ, വിനോദങ്ങൾ, ആചാരങ്ങൾ തുടങ്ങിയവയുടെ ഭാഗമായി കർഷകർ നടത്തുന്ന കന്നുപൂട്ട്, മരമടി തുടങ്ങിയ ഉത്സവങ്ങൾക്ക് നിലവിലുള്ള നിയമപരമായ നിരോധനം നീക്കുന്നതിന് നിയമനിർമ്മാണം നടത്തണമെന്ന് ആവശ്യപ്പെട്ട് എം.എൽ.എ. നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | **ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.**<br><br>**കേരളത്തിൽ കാർഷികവൃത്തിയുമായി ബന്ധപ്പെട്ട് നടത്തിയിരുന്ന കാളപൂട്ട്/കന്ന്പൂട്ട്/മരമടി/ഉഴവ് മത്സരങ്ങൾ തുടർന്നും നടത്തുന്നതിന് കേന്ദ്ര നിയമമായ 1960 – ലെ The Prevention of Cruelty to Animals Act ൽ ഭേദഗതികൾ വരുത്തിയ The Prevention of Cruelty to Animals (Kerala Amendment) Bill-2021 അംഗീകരിക്കുന്ന വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നു. "The Prevention of Cruelty to Animals (Kerala Amendment) Bill 2021" ബില്ലിന് പകരം ആയത് ഓർഡിനൻസായി അംഗീകരിക്കാൻ മന്ത്രിസഭ തീരുമാനിക്കുകയും ചെയ്തു.**<br><br>**1960 ലെ The Prevention of Cruelty to Animals Act (Central Act 59 of 1960) ഒരു കേന്ദ്ര ആക്ട് ആയതിനാൽ ഭേദഗതി വരുത്തുന്നതിന് മുൻപ് ഇന്ത്യൻ ഭരണഘടനയുടെ 213 -ാം അനുഛേദം (1)-ാം ഖണ്ഡിക പ്രകാരം ബഹു. രാഷ്ട്രപതിയുടെ മുൻകൂറായുള്ള നിർദ്ദേശം വാങ്ങേണ്ടതുണ്ട്. ആയതിനാൽ ബഹു. രാഷ്ട്രപതിയുടെ നിർദ്ദേശങ്ങൾ ലഭിക്കുന്നതിനായി കേന്ദ്ര ആഭ്യന്തര വകുപ്പ് സെക്രട്ടറിക്ക് കത്തുകളും ഓർമ്മക്കുറിപ്പുകളും നൽകിയിട്ടുള്ളതാണ്. ടി വിഷയത്തിൽ നാളിതുവരെ കേന്ദ്രസർക്കാരിൽ നിന്നും മറുപടി ലഭ്യമായിട്ടില്ല. മറുപടി ലഭ്യമാകുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.** |
| (ബി) | പ്രസ്തുത കാർഷിക വിനോദങ്ങൾ നടത്തുന്നതിന് നിലവിലുള്ള നിയമപരമായ നിരോധനം ഒഴിവാക്കിക്കിട്ടുന്നതിന് സംസ്ഥാന സർക്കാർ ഇതിനകം എന്തെങ്കിലും നടപടികൾ | (ബി) | **ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.**<br><br>**കേരളത്തിൽ കാർഷികവൃത്തിയുമായി ബന്ധപ്പെട്ട് നടത്തിയിരുന്ന കാളപൂട്ട്/കന്ന്പൂട്ട്/മരമടി/ഉഴവ് മത്സരങ്ങൾ തുടർന്നും നടത്തുന്നതിന് കേന്ദ്ര** |

| | | | |
|---|---|---|---|
| | സ്വീകരിച്ചിട്ടുണ്ടോ; പ്രസ്തുത വിഷയം സംബന്ധിച്ച സർക്കാർ നിലപാട് അറിയിക്കാമോ? | | **നിയമമായ 1960 – ലെ The Prevention of Cruelty to Animals Act ൽ ഭേദഗതികൾ വരുത്തിയ The Prevention of Cruelty to Animals (Kerala Amendment) Bill-2021 അംഗീകരിക്കുന്ന വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നു. “The Prevention of Cruelty to Animals (Kerala Amendment) Bill 2021” ബില്ലിന് പകരം ആയത് ഓർഡിനൻസായി അംഗീകരിക്കാൻ മന്ത്രിസഭ തീരുമാനിക്കുകയും ചെയ്തു.**<br><br>**1960 ലെ The Prevention of Cruelty to Animals Act (Central Act 59 of 1960) ഒരു കേന്ദ്ര ആക്ട് ആയതിനാൽ ഭേദഗതി വരുത്തുന്നതിന് മുൻപ് ഇന്ത്യൻ ഭരണഘടനയുടെ 213 -ാം അനുച്ഛേദം (1)-ാം ഖണ്ഡിക പ്രകാരം ബഹു. രാഷ്ട്രപതിയുടെ മുൻകൂറായുള്ള നിർദ്ദേശം വാങ്ങേണ്ടതുണ്ട്. ആയതിനാൽ ബഹു. രാഷ്ട്രപതിയുടെ നിർദ്ദേശങ്ങൾ ലഭിക്കുന്നതിനായി കേന്ദ്ര ആഭ്യന്തര വകുപ്പ് സെക്രട്ടറിക്ക് കത്തുകളും ഓർമ്മക്കുറിപ്പുകളും നൽകിയിട്ടുള്ളതാണ്. ടി വിഷയത്തിൽ നാളിതുവരെ കേന്ദ്രസർക്കാരിൽ നിന്നും മറുപടി ലഭ്യമായിട്ടില്ല. മറുപടി ലഭ്യമാകുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.** |

സെക്ഷൻ ഓഫീസർ